# കേരളീയം

2006 മാർച്ച് / 10 രൂപ




## അതിരപ്പിള്ളിയെ സംരക്ഷിക്കൂ  ജലത്തിനുവേണ്ടി ഒരുമിക്കൂ

നിർദ്ദിഷ്ട അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ ചാലക്കുടിപ്പുഴയെയും ഇതോടൊപ്പം 25-ഓളം പഞ്ചായത്തുകളിലെ കുടിവെള്ള വിതരണത്തെയും, തൃശൂർ എറണാകുളം ജില്ലകളിലെ 20000 ത്തിലധികം ഹെക്ടർ പ്രദേശത്തെ ജലസേചനത്തെയും ആലോചിക്കുവാൻ കഴിയാത്തത്രയും ദോഷകരമായി ബാധിക്കുന്നതാണ്. വീണ്ടും കുടിയൊഴിപ്പിക്കപ്പെടുന്ന 75-ഓളം ആദിവാസി കുടുംബങ്ങളോടൊപ്പം, ടൂറിസവുമായി ബന്ധപ്പെട്ട് ഉപജീവനമാർഗ്ഗം കണ്ടെത്തിക്കൊണ്ടിരിക്കുന്ന ഈ പഞ്ചായത്തിലെ 1000 ത്തിലധികം കുടുംബങ്ങളുടെ നിലനില്പിനെയും ഈ പദ്ധതി ചോദ്യം ചെയ്യുന്നു. നിർദ്ദിഷ്ട പദ്ധതിക്കെതിരെ നദീതടത്തിലാകെ അതിശക്തമായ പ്രക്ഷോഭ സമര പരിപാടികൾ നടന്നുവരികയാണ്. അതിന്റെ ഭാഗമായി കേരളത്തിലെ വിവിധ സംഘടനകളുടെ കൂട്ടായ്മയായ ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ 2005 ഡിസംബർ 23 മുതൽ അതിരപ്പിള്ളി ജംഗ്ഷനിൽ അനിശ്ചിതകാല സത്യഗ്രഹസമരം നടന്നു വരികയാണ്.

● 2 മണിക്കൂർ വൈദ്യുതിക്ക് 22 മണിക്കൂർ പുഴയെ തടയുന്നു. ● ഒഴുകുന്ന പുഴയെ 22 മണിക്കൂർ തടഞ്ഞാൽ കനാലുകളിൽ, കൃഷിയിടങ്ങളിൽ കിണറുകളിൽ ജലമെത്തുമോ ? ● 25% പ്രസരണ നഷ്ടം നികത്തുകിൽ കേവലം 3% ഉല്പാദനമുള്ള ഈ പദ്ധതി എന്തിന്? ● 40 കോടി വിറ്റുവരവും 55 കോടി വാർഷിക ചിലവും പാപ്പരായ ഖജനാവിലേക്ക് 600 കോടി അധിക ബാദ്ധ്യതയും ● കെ.എസ്.ഇ.ബി.യോ ഗവൺമെന്റോ ഇന്നേവരെ ജനകീയ ചർച്ചയ്ക്ക് തയ്യാറാകാത്തത് എന്തുകൊണ്ട് ? ● പദ്ധതിയുടെ രഹസ്യസ്വഭാവം എന്തിന്? ● ജനദ്രോഹപദ്ധതി ആരുടെ ലാഭത്തിനുവേണ്ടി ?


*ബന്ധപ്പെടുക : ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറം, ഫോൺ: 0487-5524110, 98467 48081, 0480-2702085, 0480-2769401*

*e-mail: cholayar@rediffmail.com*